പ്രീ-മെട്രിക് ഹോസ്റ്റലുകളുടെ പ്രവർത്തനം

13(796)ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പ്രീ-മെട്രിക് ഹോസ്റ്റലുകളുടെ ഭരണം ബ്ലോക്ക് പഞ്ചായത്തിനെ ഏൽപ്പിക്കാൻ ഉദ്ദേശമുണ്ടോ;

(ബി) പ്രീ-മെട്രിക് ഹോസ്റ്റലുകളുടെ നിലവിലുള്ള ശോചനീയാവസ്ഥ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അത് പരിഹരിക്കാൻ വേണ്ട സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള പ്രീ-മെട്രിക് ഹോസ്റ്റലുകളുടെ ഭരണ ചുമതല 1995-96 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്.

(ബി) ചില ഹോസ്റ്റലുകളിൽ പോരായ്മകളുണ്ടെന്നു കണ്ടിട്ടുണ്ട്.

(സി) സ്വീകരിച്ചുവരുന്നു.

പ്രീ-മെട്രിക് ഹോസ്റ്റൽ വാർഡൻമാരുടെ തസ്തികമാറ്റം

14 (797)പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഷെഡ്യൂൾഡ് ട്രൈബ് ഡയറക്ടറുടെ കീഴിലുള്ള പ്രീ-മെട്രിക് ഹോസ്റ്റൽ വാർഡൻമാർ എത്രപേർ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവർക്ക് തസ്തികമാറ്റംവഴി ക്ലാർക്കായി നിയമനം ലഭിക്കുന്നതിന് സ്പെഷ്യൽ റൂൾസിൽ വ്യവസ്ഥയുണ്ടോ;

(സി) എങ്കിൽ പ്രസ്തുത റൂൾ ഈ വകുപ്പിലെ വാർഡൻമാർക്ക് നടപ്പിലാക്കിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഈ തസ്തികമാറ്റം അനുവദിക്കാത്തത് എന്തുകൊണ്ടാണെന്ന വിശദാംശം സഹിതം വ്യക്തമാക്കുമോ;

(ഇ) ഈ വാർഡൻമാർക്ക് തസ്തികമാറ്റം വഴി എൽ.ഡി.ക്ലാർക്ക് ആകുവാൻ താൽപ്പര്യം ഉണ്ടെങ്കിൽ അത് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 103 പേർ

(ബി) 1993-ൽ പ്രാബല്യത്തിൽ വന്ന ഡിപ്പാർട്ട്മെന്റ് സ്പെഷ്യൽ റൂൾസ് പ്രകാരം നിയമനം ലഭിച്ചവർക്ക് തസ്തികമാറ്റത്തിന് വ്യവസ്ഥയുണ്ട്.

(സി) ഉണ്ട്.

(ഡി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly